"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ്--അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1.05 ഏക്കർ സ്ഥലത്ത് കയർ കോമൺ ഫസിലിറ്റി സെന്ററിനായി ആര്യാട് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം പൊളിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.2289/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 10/12/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം.803/17/ത.സ്വ.ഭ.വ തീയതി,21/03/2017

2 ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13/08/2019 -ലെ നമ്പർ തീരുമാനം

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 28/01/2020-ലെ യോഗത്തിലെ 4.6 നമ്പർ തീരുമാനം

**ഉത്തരവ്**

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1.05 ഏക്കർ സ്ഥലവും ടി സ്ഥലത്ത് ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ആര്യാട് കയർ കോമൺ ഫെസിലിറ്റി സെന്ററിനായി നിർമ്മിച്ച കെട്ടിടവും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ടു നൽകുവാൻ പരാമർശം(1) പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത കമ്മ്യൂണിറ്റി പാർക്കിന്റെ നിർമ്മാണം ആരംഭിക്കണമെങ്കിൽ നിലവിലെ കെട്ടിടം പൊളിക്കണമെന്ന് ASAP ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടം പൊളിക്കുന്നതിന് ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുക്കുകയുണ്ടായി. നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റിയാൽ മാത്രമേ ASAP ന് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കാൻ സാധിക്കു എന്ന സാഹചര്യത്തിൽ ടി കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുമതി നല്കാൻ പരാമർശം (3) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (3) പ്രകാരമുള്ള തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1.05 ഏക്കർ സ്ഥലത്ത് ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ആര്യാട് കയർ കോമൺ ഫെസിലിറ്റി സെന്ററിനായി നിർമ്മിച്ച കെട്ടിടം പൊളിച്ചു മാറ്റുന്നതിന്, മാനദണ്ഡ പ്രകാരമുള്ള മറ്റു നടപടിക്രമങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി ,ജില്ലാ പഞ്ചായത്ത്, ആലപ്പുഴ

സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്, ആര്യാട്, ആലപ്പുഴ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) ,തിരുവനന്തപുരം

ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് (അറിവിലേയ്ക്കായി)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ